## വിദ്യാലയ ചരിത്രം

ചോമ്പാൽ നോർത്ത് എൽ.പി.സ്ക്കൂളിന്റെ സാംസ്കാരികവും സാമൂഹികവുമായ പുരോഗതി കൈവരിക്കുന്നതിന് നിർണ്ണായക പങ്ക് വഹിച്ചു മൺമറഞ്ഞുപോയ നമ്മുടെ പൂർവികരുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ട് വിദ്യാലയ ചരിത്രം ആരംഭി

അറബിക്കടലിൽ നിന്നും ൨൦൦ മീറ്റർ അകലെ ദേശീയ പാതയ്ക്ക് സമീപം ചോമ്പാൽ മിനി സ്റ്റേഡിയത്തിന് തെക്ക്ഭാഗം സ്ഥതിചെയ്യുന്ന ചോമ്പാൽ നോർത്ത് എൽ.പി.സ്കൂൾ പ്രദേശത്തിന്റെ അഭിമാനമായി ശോഭയാർന്ന പ്രവർത്തന മികവോടെ പ്രയാണം തുടരുന്നു. ഒരു കുടിപ്പള്ളിക്കുട മായി പ്രവർത്തനം ആരംഭിച്ച സ്കൂൾ എല്ലാ രംഗങ്ങളിലും ചരിത്രപരമായ ദൗത്യം നിർവ്വഹിച്ചു കൊണ്ട് മുന്നേറ്റം തുടരുന്നു. ൧൯൦൨ൽ തുടങ്ങിയ സ്കൂളിന്റെ ആദ്യാകല മാനേജർ കെ.എൻ. ചാത്തു എന്നവരുടെ ആത്മാർത്ഥമായ പ്രവർത്തനത്തിന്റെ ഫലമായി അദ്ദേഹത്തിന്റെ ൪൭ സെന്റ് സ്ഥലത്ത് ഇന്ന് കാണുന്ന സ്കൂൾ കെട്ടിടം സ്ഥിതി ചെയ്യുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് നിർണ്ണായക പങ്ക് വഹിച്ച ചോമ്പാലിൽ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവരുടെ കൂട്ടായ്മയും ചർച്ചയും നടത്താൻ ചോമ്പാൽ നോർത്ത് എൽ.പി. സ്കൂൾ നിര വധി തവണ സാക്ഷ്യം വഹിച്ചിട്ടുണ്ട്. അതു കൊണ്ട് തന്നെ ജനങ്ങളിൽ ദേശീയ ബോധം ഉണർത്തു അതിനും പ്രവർത്തിക്കുന്നതിനും സ്കൂളിന്റെ സാംസ്കാരികമായ പൈതൃകം സിക്കുവാൻ ഇന്നും നമുക്ക് സാധിക്കുന്നു.

അക്കാലത്തെ പൗരപ്രധാനിയായിരുന്ന മാനേജർ ശ്രീ.കെ.എൻ. ചാത്തുവിന്റെ നിര്യാണത്തിന് ശേഷം മാനേജരായി പ്രവർത്തിച്ച അദ്ദേഹത്തിന്റെ മകൻ കെ.എൻ. അച്ചുതൻ അച്ഛന്റെ ആദർശ ഞങ്ങളെ മുറുകെപിടിച്ച് മഹത്തായ പാരമ്പര്യം നിലനിർത്തുന്നതിന് പ്രിനിച്ചു. മാനേജ്മെന്റിന്റെയും. പി.ടി.എ കമ്മിറ്റിയുടെയും കൂട്ടായ്മ ജനങ്ങളിൽ മതിപ്പുളവാക്കി. തീരദേശത്ത് സ്ഥിതിചെയ്യുന്ന സ്കൂളിൽ ഈ സ്കൂളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം സിദ്ധിച്ച പലരും ഉന്നതസ്ഥാനങ്ങൾ അല ചിരിച്ചത് നാം അഭിമാനത്തോടെ ഓർക്കുന്നു.മാനേജർ ശ്രീ.കെ.എൻ അച്ചുതന്റെ അകാല നിര്യാണത്തിന് ശേഷം അദ്ദേഹത്തിന്റെ പുത്രൻ ശ്രീ. കെ എൻ പ്രകാശൻ മാനേജറായി പ്രവർത്തിച്ചു വരുന്നു.കാരായി മാധവൻ മാസ്റ്റർ, ചിറയിൽ നാണു മാസ്റ്റർ, ദേവി ടീച്ചർ, നാരായണി ടീച്ചർ, സീതടി ച്ചർ, സരോജിനി ടീച്ചർ, ചന്ദ്രി ടീച്ചർ, രാഘവൻ മാസ്റ്റർ, നളിനി ടീച്ചർ, കുഞ്ഞികൃഷ്ണൻ മാസ്റ്റർ, കുഞ്ഞമ്മദ് മാസ്റ്റർ, ശാന്ത ടീച്ചർ തുടങ്ങിയ പ്രഗത്ഭരായ അദ്ധ്യാപകരുടെ മികവുറ്റ സേവന മാതൃക പിന്തുടർന്നുകൊണ്ട് സ്കൂളിന്റെ പ്രവർത്തനതിന് നേതൃത്വം നൽകാൻ ഇന്ന് പ്രധാനാദ്ധ്യാപികയായി സേവനമനുഷ്ടിക്കുന്ന ശ്രീമതി ലീനടീച്ചർക്ക് സാധിക്കുന്നു. അവർക്ക് സർവ്വ പിന്തുണയും നൽകി പരിചയസമ്പന്നരായ അദ്ധ്യാപകരും, പി.ടി.എ കമ്മിറ്റിയും മദർ പി.ടി.എ കമ്മിറ്റിയും, എസ്.എസ്. ജിയും പ്രവർത്തനത്തിന് ആവേശം പകരുന്നു.൪൭ സെന്റ് സ്ഥലത്ത് L ആകൃതിയിലും I ആകൃതിയിലും രണ്ട് കെട്ടിടങ്ങളിലായി ൮ ക്ലാസ് മുറികൾ പ്രവർത്തിക്കുന്നു, എല്ലാം വൈദ്യുതീകരിച്ചതാണ്. ൨൦൨൪-൨൫ വർഷത്തിൽ പഞ്ചായത്ത് തലത്തിലും സബ്ജില്ലാ തലത്തിലും മത്സരങ്ങൾ നടന്നപ്പോൾ മികച്ച വിജയം കരസ്ഥമാക്കാൻ നമ്മുടെ കുട്ടികൾക്ക് സാധിച്ചത് അഭിമാനത്തോടെ സൂചിപ്പിക്കുന്നു.

ഒരു പ്രി പ്രൈമറി വിദ്യാലയം കൃത്യതയോടെ ഈ വിദ്യാലയത്തിൽ നടന്നു വരുന്നു.